**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*308 — 11.11.2019 ൽ മറുപടിക്ക്

## എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>,, എൻ. ഷംസുദ്ദീൻ<br>,, എം. സി. കമറുദ്ദീൻ<br>,, പി.ഉബൈദുള്ള | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികൾ സമയബന്ധിതമായി സർവ്വസജ്ജമാക്കി സർക്കാർ ജീവനക്കാരും പെൻഷൻകാരുമുൾപ്പെടെ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ; | (എ) | പൊതുജനങ്ങൾക്കായി സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബനവലന്റ് ഫണ്ട്, സുകൃതം മുതലായ പദ്ധതികൾ പ്രകാരം സൗജന്യ ചികിത്സ നൽകി വരുന്നു. കുട്ടികൾക്കായി ആരോഗ്യ കിരണം, ആർ.എസ്.ബി.കെ, കാൻസർ സുരക്ഷ, താലോലം, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, ആർദ്രം, ഹൃദ്യം, ശലഭം, മിഠായി തുടങ്ങിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ പ്രകാരവും സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ അമ്മമാർക്കായി ജെ.എസ്.എസ്.കെ, ജെ.എസ്.വൈ തുടങ്ങിയ പദ്ധതികൾ മുഖാന്തിരവും സൗജന്യ ചികിത്സ നൽകിവരുന്നു. സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സഹായമായി മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് ആനുകൂല്യം നിലവിൽ നൽകി വരുന്നുണ്ട്. |
| (ബി) | **ഇല്ലെങ്കിൽ സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ചികിത്സയ്ക്കായുള്ള അലവൻസ് തുകയും ആനുപാതിക സർക്കാർ വിഹിതവും ഉപയോഗപ്പെടുത്തി സർക്കാർ ആശുപത്രികൾ** ആധുനികവത്ക്കരിച്ച് എല്ലാവർക്കും ഗുണമേന്മയുള്ള ചികിത്സ സൗജന്യമായി നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | സർക്കാർ ആശുപത്രികൾ ആധുനികവൽക്കരിക്കുന്നതിനും, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, രോഗീസൗഹൃദമാക്കുന്നതിനും, ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുന്നതിനുമായി നിരവധി പ്രവർത്തനങ്ങൾ/പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br><br>1. സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ ആരോഗ്യ വകുപ്പിൽ ലഭ്യമായ വിവിധ ഫണ്ടുകൾ വഴിയും (പ്ലാൻ ഫണ്ട്, KIIFB, NABARD, NHM ) എം.എൽ.എ., എം.പി. ആസ്തി വികസന ഫണ്ട് വഴിയും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് |

| | | | |
|---|---|---|---|
| | | | തുടങ്ങിയവ വഴിയും ചെയ്തു വരുന്നു.<br><br>2. ആധുനിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കികൊണ്ട് രോഗ പരിശോധനകളും, ചികിത്സാ കാര്യങ്ങളും ആധുനികവൽക്കരിക്കുന്നു. (എം.ആർ.ഐ., സി.ടി. സ്കാൻ, മറ്റ് ആശുപത്രി ഉപകരണങ്ങൾ, കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയവ).<br><br>3. സർക്കാർ ആശുപത്രികളിൽ കൂടുതൽ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർമാരുടേതടക്കം വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. ആരോഗ്യവകുപ്പിൽ ഇതിനകം 3159 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>4. ആർദ്രം മിഷന്റെ ഭാഗമായി സർക്കാർ മെഡിക്കൽ കോളേജിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കാനുള്ള നടപടികൾ പൂർത്തീകരിക്കുകയും ജില്ലാതല ആശുപത്രികൾ രോഗീസൗഹൃദമാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായി വരികയുമാണ്. 28 താലൂക്ക് ആശുപത്രികളിലെ ഒ. പി. വിഭാഗം രോഗീ സൗഹൃദമാക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരികയാണ്.<br><br>5. ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ഘട്ടം ഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താനുള്ള പ്രവർത്തനങ്ങളും നടന്നു വരികയാണ്.<br><br>6. സംസ്ഥാനത്തെ ബ്ലോക്ക്തല പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഈ വർഷം ആരംഭിക്കുകയാണ്.<br><br>7. ആരോഗ്യവകുപ്പിലെ വിവിധ പ്ലാൻ സ്കീമുകളുടെ ഭാഗമായും (ജില്ലാ കാൻസർ കെയർ പ്രോഗ്രാം, സ്ട്രോക്ക് യൂണിറ്റുകൾ, ട്രോമാ കെയർ പ്രോഗ്രാം, മാനസികാരോഗ്യ പരിപാടികൾ) ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

Hari

സെക്ഷൻ ഓഫീസർ